# മജ്‌ലിസെ ശൂറാ;
# പ്രതിനിധികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

فَبِمَا رَحْمَةٍ مِّنَ اللّٰهِ لِنْتَ لَهُمْ ۚ وَلَوْ كُنْتَ فَظًّا
غَلِيْظَ الْقَلْبِ لَانْفَضُّوْا مِنْ حَوْلِكَ ۖ فَاعْفُ عَنْهُمْ
وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْاَمْرِ ۚ فَاِذَا عَزَمْتَ
فَتَوَكَّلْ عَلَى اللّٰهِ ۚ اِنَّ اللّٰهَ يُحِبُّ الْمُتَوَكِّلِيْنَ

**ഇ**ന്നുമുതൽ പാക്കിസ്ഥാനിലെ മജ്‌ലിസെ ശൂറാ ആരംഭിക്കുകയാണ്. അതുകൊണ്ട് ശൂറായിലെ പ്രതിനിധികളോടും ഔദ്യോഗിക ഭാരവാഹികളോടും ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. നമുക്കറിയാം, ജമാഅത്തിലെ മജ്‌ലിസെ ശൂറാ എന്ന സ്ഥാപനം ജമാഅത്ത് വ്യവസ്ഥിതിയേയും ഖിലാഫത്ത് വ്യവസ്ഥിതിയേയും സഹായിക്കുന്നതിനുവേണ്ടിയുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ്. '***ലാ ഖിലാഫത്ത ഇല്ലാ ബിൽ മശ്‌വറ***' കൂടിയാലോചനയില്ലാതെ ഖിലാഫത്തില്ല എന്ന് ഉമർ(റ) പറഞ്ഞ കാര്യം ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഈ വാക്ക് വിശുദ്ധഖുർആന്റെ നിർദ്ദേശവും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയുമനുസരിച്ചുള്ളതാണ്. നബി(സ) തിരുമേനി, ഓരോ പ്രധാനപ്പെട്ട കാര്യങ്ങളിലും സ്വഹാബത്തുമായി കൂടിയാലോചന നടത്തുമായിരുന്നു. പക്ഷേ, വചനത്തിൽ പറഞ്ഞിട്ടുള്ള കല്പന കൂടിയാലോചന നടത്തുക എന്നാണ്. അല്ലാതെ ഭൂരിപക്ഷ അഭിപ്രായം സ്വീകരിച്ചുകൊള്ളണമെന്നല്ല. അതുകൊണ്ടാണ് കൂടിയാലോചിച്ചശേഷം ആ കൂടിയാലോചനയനുസരിച്ചോ അല്ലെങ്കിൽ അതിനെ തടഞ്ഞുകൊണ്ടോ ന്യൂനപക്ഷത്തിന്റെ അഭിപ്രായം അംഗീകരിച്ചുകൊണ്ടോ ഭൂരിപക്ഷത്തിന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ടോ ഒരു തീരുമാനമെടുക്കാൻ പറഞ്ഞത്. കാരണം ചിലപ്പോൾ ഓരോ അവസ്ഥയേയും കുറിച്ച് ഓരോരുത്തരും അറിഞ്ഞുകൊള്ളണമെന്നില്ല. അതുകൊണ്ട് അഭിപ്രായം റദ്ദാക്കേണ്ടിയും വരുന്നു. തീരുമാനമെടുത്തു കഴിഞ്ഞാൽ അങ്ങനെയാകുമോ ഇങ്ങനെയാകുമോ എന്ന് ചിന്തിക്കേണ്ട കാര്യമില്ല. പിന്നീട് അല്ലാഹുവിൽ സർവ്വവും സമർപ്പണം ചെയ്തുകൊണ്ട് എടുക്കുന്ന തീരുമാനത്തിനനുസരിച്ച് പ്രവർത്തിക്കുക.

എന്നാൽ, ഇതിനോടൊപ്പംതന്നെ വിശുദ്ധഖുർആൻ ജമാഅത്തിന്റേതായിരിക്കേണ്ട ചുറ്റുപാടുകളെക്കുറിച്ചും രീതികളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഞാനോതിയ വചനത്തിൽ സംബോധിതൻ നബി (സ) തിരുമേനിയാണെങ്കിലും ഇക്കാലത്തെ സംബന്ധിച്ചിടത്തോളം ഹസ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധപ്പെട്ടു നില്ക്കുന്ന നമ്മളാണ്. പ്രത്യേകിച്ച് ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ) വന്നതിനുശേഷം ഖിലാഫത്തിൽ അത് എന്നന്നേക്കുമായി നിലനില്ക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്, നബി(സ) തിരുമേനിയുടെ ഈ മാതൃക ജമാഅത്തിനുവേണ്ടിയാണ്, ഉമ്മത്തിനു വേണ്ടിയാണെന്ന്. ജമാഅത്തിലെ അംഗങ്ങളും ഇത് ഓർമ്മവയ്ക്കേണ്ടതാണ്. ഇതിൽ ഔദ്യോഗികഭാരവാഹികളും പെടുന്നു. ഏറ്റവും വലിയ സംബോധിതൻ കാലത്തിന്റെ ഖലീഫയാണ്. അതായത്, ഏതുപോലെ നബി(സ) തിരുമേനിയുടെ മനസ്സിൽ മൃദുത്വം ഉണ്ടായിരുന്നുവോ അതുപോലെ കാലത്തിന്റെ ഖലീഫയിലും മൃദുത്വമുണ്ടാവണം. ഖിലാഫത്തിന്റെ വ്യവസ്ഥിതി ***അലാ മിൻഹാജിന്നുബുവ്വത്തി***ൽ നിലനില്ക്കുവോളം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് കാലത്തിന്റെ ഖലീഫയുടെ മനസ്സിൽ ജമാഅത്തംഗങ്ങളോട് മൃദുലമായ സമീപനവും നിലനില്ക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് അത് സ്ഥാപിതമായിക്കഴിഞ്ഞു. ഇത് എന്നെന്നും നിലനില്ക്കുന്ന വ്യവസ്ഥിതിയാണ്.

ഇതെല്ലാം ഏതെങ്കിലും ശ്രമത്തിന്റെ ഫലമായി നടക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. സ്വയം നമ്മുടെ പ്രകൃതിയിൽ മാറ്റമുണ്ടാകുകയുമില്ല. മറിച്ച്, ഇതെല്ലാമുണ്ടാകുന്നത് അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹവും കാരുണ്യവും കൊണ്ടായിരിക്കും. ഈ ഖിലാഫത്ത് വ്യവസ്ഥിതി, ഈ ജമാഅത്ത് വ്യവസ്ഥിതി പ്രത്യേകമായ ദൈവാനുഗ്രഹത്താൽ നടന്നുകൊണ്ടിരിക്കുന്നതാണ്. ജമാഅത്തംഗങ്ങൾക്ക് ഖിലാഫത്തിനോടുള്ള ബന്ധവും ഈ ജമാഅത്ത് വ്യവസ്ഥിതി കാരണത്താൽ തുടർന്നുപോകുന്നതാണ്. ഈ ബന്ധവും അല്ലാഹു തന്റെ അനുഗ്രഹം കൊണ്ടുമാത്രമാണ് ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിയിട്ടുള്ളത്. ഖിലാഫത്തിനോട് ജമാഅത്തംഗ

ങ്ങൾക്കുള്ള ആവേശവും സ്നേഹവും അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹങ്ങളിൽപെട്ടതാണ്. ഇത് ഇരുഭാഗത്തേക്കുമുള്ള ഒഴുക്കാണ്. അത്, നബി (സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുന്ന കാരണത്താൽ ജമാഅത്തിൽ നിലനില്ക്കുന്നു. അതായത്, ദീനിന്റെ പ്രധാന കാര്യങ്ങളിൽ ഉമ്മത്തിലെ ആളുകളോടു അഭിപ്രായം ആരായാനും മറ്റുള്ളവരോട് മൃദുവായി പെരുമാറാനും ദുആ ചെയ്യാനും കാലത്തിന്റെ ഖലീഫയോടു കല്പിച്ചിരിക്കുന്നു. അഭിപ്രായം ചോദിച്ചാൽ, സദുദ്ദേശ്യത്തോടെ, തഖ്‌വയിൽ പദമൂന്നിക്കൊണ്ട് അഭിപ്രായം പറയാൻ ജനങ്ങളോട് നിർദ്ദേശിച്ചിരിക്കുന്നു. അതുകൊണ്ടാണ് അഭിപ്രായം ചോദിക്കപ്പെടുന്നവർ നല്ലവരും തഖ്‌വയോടുകൂടി നടക്കുന്നവരുമായിരിക്കണമെന്ന് പറഞ്ഞത്. എല്ലാവരോടും അഭിപ്രായം ആരായുക എന്ന കല്പനയില്ല. ഇത് സംബന്ധമായി ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. ***ശാവിറുൽ ഫുഖഹാഅ വൽആബിദീൻ.*** കാര്യങ്ങൾ മനസ്സിലാക്കുന്നവരും ആരാധനയിൽ മുഴുകുന്നവരുമായവരോട് കൂടിയാലോചിക്കുക. അതുകൊണ്ട് പ്രത്യക്ഷത്തിൽ ജമാഅത്ത് വ്യവസ്ഥിതിയനുസരിച്ച് ജീവിക്കുന്നവരും ധനത്യാഗം ചെയ്യുന്നവരും കൃത്യമായി ആരാധനകളനുഷ്ഠിക്കുന്നവരുമായ ആളുകൾ തങ്ങളിൽനിന്ന് കേന്ദ്രകൂടിയാലോചന സഭയിലേക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. അവർ മജ്‌ലിസെ ശൂറാ അഥവാ കൂടിയാലോചനാസഭയിൽ ഇരുന്ന് തഖ്‌വയുടെ വഴിയിൽ പദമൂന്നിക്കൊണ്ട് അഭിപ്രായം പറയുന്നു. അല്ലെങ്കിൽ അഭിപ്രായം പറയേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ.മാ) നിവേദനം ചെയ്യുന്നു. ***ശാവിർഹും ഫിൽ അംറ്*** എന്ന ഖുർആനിക വചനമിറങ്ങിയപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഇതിൽനിന്ന് അല്ലാഹുവും അവന്റെ റസൂലും ഒഴിവാണെങ്കിലും അല്ലാഹു അതിനെ എന്റെ ഉമ്മത്തിന് കാരുണ്യത്തിനുള്ള കാരണമാക്കി. അതുകൊണ്ട് ആരാണോ അവരുമായി കൂടിയാലോചിക്കുന്നത് അവർ സദാചാരമാർഗ്ഗത്തിൽനിന്നും സന്മാർഗ്ഗത്തിൽ നിന്നും പിന്തള്ളപ്പെടുകയില്ല.

അതുകൊണ്ട് ഈ കൂടിയാലോചന ഉമ്മത്തിന് കാരുണ്യത്തിന് കാരണമാണ്. കാരണം അവർ അല്ലാഹുവിൽനിന്നുള്ള സന്മാർഗ്ഗത്തിൽ ജനങ്ങളെ നടത്തുന്നവരാണ്. പക്ഷേ, ഈ ആദ്യത്തെ ഹദീസനുസരിച്ച് അഭിപ്രായം പറയുന്നവർ, തങ്ങളുടെ ബുദ്ധിയോടും വിവേകത്തോടും തങ്ങളുടെ എന്തെങ്കിലും പ്രത്യേക പ്രവൃത്തിയിൽ മുഴുകുന്നതോടൊപ്പം, ആരാധനാകർമ്മങ്ങളിൽ മുഴുകുന്നവരും, നന്മയിൽ പദമൂന്നുന്നവരും തഖ്‌വയിൽ നിലകൊള്ളുന്നവരുമാണെങ്കിൽ മാത്രമെ ഉമ്മത്തിന് ഗുണപ്രദമായ അഭിപ്രായം ലഭിക്കുകയുള്ളൂ. അത് അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുന്നതായിരിക്കും. ഈ അഭിപ്രായങ്ങളിൽ അനുഗ്രഹങ്ങളും ഉണ്ടാകും. നല്ല ഫലങ്ങളും പ്രകടമാകും. ജമാഅത്തംഗങ്ങളിൽ വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. വെറും സുഹൃത്ബന്ധമോ രക്തബന്ധമോ ബന്ധുത്വമോ കാരണത്താൽ, ശൂറാ അംഗങ്ങളെ തിരഞ്ഞെടുക്കരുത്. മറിച്ച് തഖ്‌വയിൽ പദമൂന്നുന്നവരെയായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. കാരണം, നിങ്ങൾ ഏത് കാര്യാലയവകുപ്പിലേക്കാണോ ഈ പ്രതിനിധികളെ തിരഞ്ഞെടുത്ത് അയക്കുന്നത് അത് വലിയ പരിശുദ്ധമായ കാര്യാലയമാണ്. ഖിലാഫത്ത് വ്യവസ്ഥിതിയ്ക്കുശേഷം, കൂടിയാലോചനാവ്യവസ്ഥിതിയ്ക്ക് ഒരു പരിശുദ്ധമായ സ്ഥാനമുണ്ട്. അതുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കുന്നവരും, ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരും തഖ്‌വയിൽ പദമൂന്നുന്നവരുമായി കാണുന്നവരെ തിരഞ്ഞെടുക്കേണ്ടതാണ്. അങ്ങനെയുള്ള വ്യക്തികളെ നിങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, നിങ്ങൾ ദൈവകാരുണ്യത്തിന് കാരണക്കാരായിത്തീരും. ഇല്ലെങ്കിൽ ഭൗതികരായ ആളുകൾ, ഭൗതികമായ അസംബ്ലികളിലും പാർലമെന്റുകളിലും കാണിക്കുന്ന സ്വഭാവം ഇവിടെയും കാണിക്കും. തഖ്‌വയിൽ പദമൂന്നിക്കൊണ്ട് തങ്ങളുടെ ശൂറാഅംഗങ്ങളെ തിരഞ്ഞെടുക്കുമ്പോഴാണ് ജമാഅത്തംഗങ്ങളെ ഏല്പിച്ചിരിക്കുന്ന ഈ അമാനത്തിന്റെ കടമ നിറവേറ്റപ്പെടുന്നത്. പാക്കിസ്ഥാനിൽ, ഈ കർത്തവ്യം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്ന സമയമാണിത്. അവർ അംഗങ്ങളെ തിരഞ്ഞെടുത്തുകഴിഞ്ഞു. ഇന്ന് ശൂറാ നടക്കുകയാണ്. എന്നാൽ, എവിടെയൊക്കെയാണോ ഇനി ശൂറാ അംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളത്, അവർ ഇക്കാര്യം എപ്പോഴും മുന്നിൽ കാണേണ്ടതാണ്. ***തഅദ്ദുൽഅമാനാത്തി ഇലാ അഹ്‌ലിഹാ*** എന്നത് അല്ലാഹുവിന്റെ കല്പനയാണ്. അമാനത്തുകൾ, അതിനർഹതപ്പെട്ടവരെ ഏല്പിക്കുക. കാരണം ആ പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നത് കാലത്തിന്റെ ഖലീഫയോട് തങ്ങളുടെ അഭിപ്രായം പറയാനാണ്. നിങ്ങൾ നിങ്ങളുടെ ജമാഅത്തിൽനിന്ന് പ്രതിനിധികളെ തിരഞ്ഞെടുത്തയക്കുന്നത് കാലത്തിന്റെ ഖലീഫയോടു അഭിപ്രായം പറയാനാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വളരെ

സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. ഇതിന് അർഹരല്ലാത്തവരായി കാണുന്നവരെ നിങ്ങൾ തിരഞ്ഞെടുക്കുകയാണെങ്കിൽ ശൂറാ പ്രതിനിധിയുടെ കടമ നിറവേറ്റാനും അവർക്ക് സാധിക്കുകയില്ല. അല്ലെങ്കിൽ അത്തരക്കാർ തങ്ങളെ ഉയർത്തിക്കാണിച്ച് മുന്നിൽ നില്ക്കാൻ താല്പര്യമുള്ളവരായിരിക്കും. അവർ ശൂറായിലേക്ക് വരുമ്പോൾ അഭിപ്രായം പറയുന്നതിനേക്കാളധികമായി തങ്ങളുടെ അറിവ് പ്രകടിപ്പിക്കുകയായിരിക്കും ചെയ്യുക. അതുകൊണ്ട് ജമാഅത്ത് തിരഞ്ഞെടുപ്പ് നടത്തുമ്പോൾ അത്തരക്കാരെ തിരഞ്ഞെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതാണ് ജമാഅത്തംഗങ്ങളുടെ ചുമതല. അവർ തഖ്‌വയിൽ നിലനിന്നുകൊണ്ട് ശൂറായിലേക്കുള്ള തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുക. അല്ലാതെ ബാഹ്യമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കരുത്. തിരഞ്ഞെടുക്കുന്ന ആളെക്കുറിച്ച് നല്ലവണ്ണം വിലയിരുത്തുക. അവർ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരായിരിക്കണം. നിങ്ങൾക്ക് നല്ലവണ്ണം അറിയുന്ന ആളുമായിരിക്കണം. നിങ്ങളുടെ അറിവനുസരിച്ച്, നിങ്ങൾ പറയുന്ന ആൾക്ക് അറിവുണ്ടാകണം. കാര്യങ്ങൾ വിവേചിച്ചറിയാനുള്ള കഴിവുണ്ടാകണം. ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്ന ആളാകണം. തഖ്‌വയുടെ വഴിയിലൂടെ സഞ്ചരിക്കുന്ന ആളുമാകണം.

ഇനി ഞാൻ പ്രതിനിധികളോടും കുറച്ച് കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ശൂറായുടെ പ്രാതിനിധ്യം ഒരു വർഷത്തേക്കാണ്. ശൂറായിലേക്ക് പ്രതിനിധി തിരഞ്ഞെടുക്കപ്പെട്ടാൽ, അടുത്ത തിരഞ്ഞെടുപ്പുവരെ അയാൾ ശൂറാ പ്രതിനിധി തന്നെയായിരിക്കും. അല്ലാതെ രണ്ടോ മൂന്നോ ദിവസം നടക്കുന്ന മീറ്റിംഗിനുവേണ്ടി മാത്രമല്ല. അതുകൊണ്ടു സ്ഥിരമായ ചില പ്രവൃത്തികൾ ശൂറാപ്രതിനിധികൾക്ക് ജമാഅത്തിന്റെ ഔദ്യോഗിക ഭാരവാഹികളുടെ സഹായി എന്ന നിലയിൽ ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ടു തന്നെ സ്ഥിരമായി സ്വയം വിലയിരുത്തേണ്ട ആവശ്യമുണ്ട്. ഞാൻ പറഞ്ഞതുപോലെ ജമാഅത്ത് തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ രംഗത്തും എല്ലാവരും നിപുണരായിരിക്കുകയില്ല, ചിലർക്ക് ചിലതിൽ പ്രാവീണ്യമുണ്ടാകും, അതനുസരിച്ച് നല്ല അഭിപ്രായങ്ങൾ നല്കാൻ കഴിയും. ചിലർക്ക് മറ്റു ചില കാര്യങ്ങളിൽ നൈപുണ്യമുണ്ടാകും. എന്തായാലും ആരാധനാകർമ്മങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്ന ആളായിരിക്കണം. യഥാർത്ഥമായി ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നയാൾ എപ്പോഴും തഖ്‌വയിൽ പദമൂന്നുന്ന ആളായിരിക്കും. കാരണം അയാൾ അല്ലാഹുവിൽനിന്ന് വഴി തേടാൻ ശ്രമിക്കുന്നു. ഖുർആനിലും സുന്നത്തിലും വ്യക്തമായ മാർഗ്ഗദർശനം ലഭിക്കുന്നില്ലെങ്കിൽ, അല്ലാഹുവിൽനിന്ന് മാർഗ്ഗദർശനം തേടിക്കൊണ്ട് സ്വന്തം ബുദ്ധിയും അറിവും ഉപയോഗിക്കാൻ ശ്രമിക്കുക. പറഞ്ഞതിന്റെ ഉദ്ദേശ്യം, ജമാഅത്തംഗങ്ങൾ ഈ സദുദ്ദേശ്യത്തോടുകൂടി തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ, ആ ശൂറാപ്രതിനിധികളുടെമേലും വലിയ ഉത്തരവാദിത്തം ഉണ്ടായിത്തീരുന്നു. തങ്ങളുടെ ഈ ഉത്തരവാദിത്തം എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചും തഖ്‌വയിൽ നിലനിന്നും നിറവേറ്റേണ്ടതാണ്. ജമാഅത്തംഗങ്ങൾ സദുദ്ദേശ്യത്തോടും വിശുദ്ധഖുർആന്റെ കല്പനയനുസരിച്ചും പ്രവർത്തിച്ചുകൊണ്ട് നിങ്ങളെ തിരഞ്ഞെടുത്തു. ***തഅദ്ദുൽഅമാനാത്തി ഇലാ അഹ്‌ലിഹാ***. അതായത് അമാനത്തുകൾ അതിന്നർഹരായവരെ ഏല്പിക്കുക. ഇന്നവിടെ എത്തിയിട്ടുള്ള ശൂറാ അംഗങ്ങളിൽ അധികമാളുകളുടേയും തിരഞ്ഞെടുപ്പ് ഈ ചിന്തയോടെ നടന്നതായിരിക്കുമാറാകട്ടെ. ഏതെങ്കിലും വ്യക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഈ തിരഞ്ഞെടുപ്പ് ആകാതിരിക്കട്ടെ. പക്ഷേ, ഇനി വ്യക്തിപരമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും തിരഞ്ഞെടുക്കപ്പെട്ട് അവിടെ എത്തിയിട്ടുണ്ടെങ്കിൽ, ഞാൻ പ്രതീക്ഷിക്കുന്നു, ദുആ ചെയ്യുന്നു. അല്ലാഹു അത്തരം പ്രതിനിധികളെ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് തഖ്‌വയിൽ പദമൂന്നിക്കൊണ്ട് അഭിപ്രായം നല്കുന്നവരാക്കിത്തീർക്കട്ടെ. ഭൗതികതയുടെ കലർപ്പ് ഉള്ളിൽവെച്ചുകൊണ്ട് അഭിപ്രായം പറയുന്നവരെ എനിക്ക് ലഭിക്കാതിരിക്കട്ടെ. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം, ഞാൻ പറഞ്ഞ നിലവാരത്തെ ഗൗനിക്കാതേയും ചില പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവരും ഞാൻ പറഞ്ഞ കാര്യങ്ങൾ കേട്ട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട്, തഖ്‌വയിലൂടെ നടന്നുകൊണ്ട് ഈ അമാനത്തിന്റെ കടമ നിർവഹിക്കുന്നതിന് യോഗ്യരാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ കല്പനയാണ്. ഇതനുസരിച്ച് പ്രവർത്തിച്ചാൽ, നിങ്ങൾ നിങ്ങൾക്കുതന്നെയും ഗുണം ചെയ്യുന്നവരായിരിക്കും. ഇതൊരു അമാനത്താണെന്നും, ഇത് നിറവേറ്റേണ്ടതാണെതാണെന്നുമുള്ള ബോധം നിങ്ങൾക്ക് എപ്പോഴും ഉണ്ടായിരിക്കണം. ഈ പ്രാതിനിധ്യത്തെ നിസ്സാരമായി മനസ്സിലാക്കരുത്. മൂന്നുദിവസത്തേക്ക് നിങ്ങൾ എല്ലാവരും സംഘടിച്ചു, കുറച്ച് കാര്യങ്ങൾ കേട്ടു, കുറച്ച്

സുഹൃത്തുക്കളെ കണ്ടു. അതോടെ എല്ലാം കഴി ഞ്ഞു. ഇത്രമാത്രമല്ല നിങ്ങളുടെ പണി. വളരെ വിശാലമായ പണിയാണ് നിങ്ങൾക്കുള്ളത്. ശൂറായിൽ എന്തെങ്കിലും തീരുമാനമെടുക്കുകയും കാലത്തിന്റെ ഖലീഫയിൽനിന്നും അനുമതി ലഭിക്കുകയും ചെയ്ത തിനുശേഷം, ആ തീരുമാനം നടപ്പിൽ വരുത്തുന്നതിനായി ജമാഅത്തുകളിലേക്ക് അയക്കുന്നു. ആ തീരുമാനം ജമാഅത്തുകളിൽ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് നോക്കേണ്ടതും ഈ പ്രതിനിധികളുടെ കർത്തവ്യമാണ്. അത് കാലത്തിന്റെ ഖലീഫ അംഗീകരിച്ചതുപോലെയാണോ നടക്കുന്നതെന്നും നോക്കേണ്ടതാണ്. ചില ജമാഅത്തുകളിൽ എത്തുമ്പോൾ അവിടെത്തെ ചില ഭാരവാഹികളുടെ മടിയും അശ്രദ്ധയും കൊണ്ട് ആ തീരുമാനങ്ങൾ നടപ്പിൽവരാതെ പോയോ എന്നു നോക്കേണ്ടതാണ്. അത്തരം അവസ്ഥയാണെങ്കിൽ തങ്ങളുടെ സ്ഥലത്ത് ഇത് നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടത് ഓരോ ശൂറാ അംഗങ്ങളുടേയും കടമയാണ്. തങ്ങളുടെ ഭാരവാഹികൾക്ക് കാര്യം പറ ഞ്ഞുമനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഞാൻ പറ ഞ്ഞതുപോലെ അവരുടെ സഹായി എന്ന നിലയിൽ പ്രവർത്തിക്കുക. ശൂറാ പ്രതിനിധികളിൽ വലിയൊരു വിഭാഗം ജമാഅത്തിന്റെ ഭാരവാഹികളായിരിക്കും. ഏതെങ്കിലും തീരുമാനം നടപ്പിൽവരുത്താതിരിക്കുന്നത് അവർ കണ്ടാൽ, അവരുടെ ആമിലയിൽ അതെടുത്ത്പറഞ്ഞ് മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടുത്തുക. ശൂറാഅംഗങ്ങൾ, അവർ സംഘടനാപരമായ ഭാരവാഹികളാവട്ടെ, അല്ലാത്തവരാവട്ടെ ഈ കൂടിയാലോചിച്ച് എടുത്ത തീരുമാനം നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് നോക്കുന്നില്ലെങ്കിൽ, മജ്‌ലിസെ ആമിലയിൽ അത് വയ്ക്കുന്നുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുന്നില്ലെങ്കിൽ, അത്തരം പ്രതിനിധികൾ തങ്ങളിൽ ഏല്പിച്ച അമാനത്തിന്റെ കടമ നിറവേറ്റുന്നവരായിരിക്കുകയില്ല. ഈ ലോകത്ത്, അവർ ജമാഅത്ത് വ്യവസ്ഥിതിയുടേയോ കാലത്തിന്റെ ഖലീഫയുടേയോ മുന്നിൽ ഒഴികഴിവ് പറഞ്ഞ് രക്ഷപ്പെട്ടാൽ തന്നെ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ളത് അമാനത്തിന്റെ കടമ നിറവേറ്റാത്തവർ തീർച്ചയായും ചോദിക്കപ്പെടുമെന്നാണ്. അതുകൊണ്ട് ഈ ബഹുമതിയെ പൊങ്ങച്ചത്തിനുള്ള സ്ഥാനമായി മനസ്സിലാക്കരുത്. ഇതൊരു ഉത്തരവാദിത്തമാണ്. വളരെ വലിയ ബഹുമതിയാണ്. പറഞ്ഞിട്ടും, മജ്‌ലിസെ ആമിലാ അല്ലെങ്കിൽ ഭാരവാഹികൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ, മറ്റു പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നല്കുകയാണെങ്കിൽ, ശൂറായിലെ തീരുമാനങ്ങൾ അടച്ചുപൂട്ടി ഫയലുകളിൽ വെക്കുകയാണെങ്കിൽ, എന്നെ അക്കാര്യം അറിയിക്കേണ്ടത് ശൂറാഅംഗങ്ങളുടെ പ്രവൃത്തിയാണ്. അവരെന്നെ അറിയിക്കുന്നില്ലെങ്കിൽ, അമാനത്തിന്റെ കടമ നിറവേറ്റുന്നവരല്ല. എന്നല്ല, അറിയിക്കാത്ത കാരണത്താൽ അവർ കുറ്റവാളികളാണ്. ചിലപ്പോൾ ചില കാരണത്താൽ, ആരോടെങ്കിലുമുള്ള വൈരാഗ്യംകൊണ്ട് ജമാഅത്തിലെ അംഗങ്ങൾ എനിക്ക് കത്തെഴുതാറുണ്ട്. അതിൽ പറയുന്ന കാര്യങ്ങൾ പരിശോധിച്ച് ചില കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കാറുമുണ്ട്. അല്ലെങ്കിൽ താക്കീത് ചെയ്യാറുണ്ട്. അപ്പോൾ ഈ ഭാരവാഹികളും ശൂറാഅംഗങ്ങളും സുദീർഘമായ കഥകളുടെ ചുരുളുകൾ അഴിക്കാൻ തുടങ്ങുന്നു. എന്തെങ്കിലും തെറ്റായ കാര്യമോ മടിയോ കണ്ടാൽ എത്രയും വേഗം അറിയിക്കുക എന്നതായിരുന്നു അമാനത്ത് നിർവഹണത്തിന്റെ തേട്ടം. തദ്ദേശാടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ആ സമയത്തുതന്നെ നിങ്ങളത് അറിയിക്കണമായിരുന്നു. അതുകൊണ്ട് ജമാഅത്തിന്റെ അഭിവൃദ്ധിയുടെ വേഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർച്ചയായ കർമ്മമാണിതെന്ന് മനസ്സിലാക്കുക. ചിലർ, തങ്ങളിലെന്തെങ്കിലും ഉത്തരവാദിത്തം വന്നുവീഴുമോ എന്ന ഭയത്താൽ അതിൽനിന്ന് രക്ഷപ്പെടുന്നതിനായി മൗനം പാലിച്ചിരിക്കാറുണ്ട്. ഓരോ ഭാരവാഹിക്കും, ശൂറാഅംഗത്തിനും തങ്ങളെ വിലയിരുത്തുന്ന, പരിശോധിക്കുന്ന ശീലമുണ്ടെങ്കിൽ, തന്നെ വിശ്വസിച്ചുകൊണ്ട് കാലത്തിന്റെ ഖലീഫയോട് അഭിപ്രായം പറയാൻ തന്നെ തിരഞ്ഞെടുത്തതാണ് എന്ന ബോധമുണ്ടെങ്കിൽ, തഖ്‌വയിൽ പദമൂന്നിക്കൊണ്ട് അഭിപ്രായം പറഞ്ഞതിനുശേഷം അത് എത്രത്തോളം നടപ്പിൽവരുത്തുന്നുണ്ട് എന്ന് പരിശോധിച്ചുകൊണ്ടിരിക്കേണ്ടതും തന്റെ ബാധ്യതയാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെയായാൽ ജമാഅത്ത് പ്രവർത്തനങ്ങളിൽ ഒരു മാറ്റം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇത് തുടർച്ചയായി ചെയ്യേണ്ട ഒരു കർമ്മമാണ്. പ്രവർത്തിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ട ജോലിയാണ്. അപ്പോഴാണ് പുരോഗതിയുടെ വേഗം ശക്തിപ്പെടുന്നത്. അങ്ങനെയായാൽ ജമാഅത്തുകളിൽ വ്യക്തമായ ഒരു ഉണർവ്വുണ്ടാകും. അത് കാണാൻ കഴിയും. ഇപ്രാവശ്യവും പാക്കിസ്ഥാനിലെ ശൂറായിൽ വയ്ക്കുന്നതിനായി ചില ജമാഅത്തുകൾ ചില പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇത് മറ്റു രാജ്യങ്ങളിലും നടക്കാറുണ്ട്. പക്ഷേ, ഈ പദ്ധതികൾ അഞ്ചുമനോ

ദേശീയമജ്‌ലിസെ ശൂറായിൽ വയ്ക്കാൻ ശിപാർശ ചെയ്യാറില്ല. കാരണം ആ പദ്ധതി കഴിഞ്ഞവർഷമോ രണ്ടുവർഷം മുമ്പോ മജ്‌ലിസെ ശൂറായിൽ അവതരിപ്പിച്ചതാണ്. നിയമങ്ങൾ അനുസരിച്ച് മൂന്നുവർഷം കഴിയാതെ ആ പദ്ധതികൾ അവതരിപ്പിക്കാൻ പറ്റുകയില്ല, അത്തരം പദ്ധതികൾ വയ്ക്കുന്ന ജമാഅത്തിനെക്കുറിച്ച് മനസ്സിലാകുന്നത് രണ്ടോ മൂന്നോ വർഷം മുമ്പേ അംഗീകരിച്ച ആ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനം അവിടെ നടന്നിട്ടില്ലെന്നാണ്. ഇക്കാര്യം ആ ജമാഅത്തിലെ ഭാരവാഹികളുടേയും ശൂറാ അംഗങ്ങളുടേയും അശ്രദ്ധയെയാണ് പ്രകടിപ്പിക്കുന്നത്. സ്വയം ഒരു കാര്യം ചെയ്യുമെന്ന് പറഞ്ഞുകൊണ്ട്, അതിന്റെ അന്തിമതീരുമാനം കാലത്തിന്റെ ഖലീഫയിൽനിന്ന് വാങ്ങിയതിനുശേഷം, ആ തീരുമാനത്തിന് ഒരു പ്രാധാന്യവും നല്കിയില്ല എന്നതിനുള്ള വ്യക്തമായ തെളിവാണിത്. ജമാഅത്തിലെ ഭാരവാഹികളോ കേന്ദ്രമോ അതിന്റെ പിന്നാലെ കൂടാത്തതുകൊണ്ടാണ് ഈ അലസത വന്നുപോയത്. ദേശീയ മജ്‌ലിസെ ആമിലയോ അതുമായി ബന്ധപ്പെട്ട വകുപ്പോ അതിന് പ്രേരണ നല്കിയില്ല. കേന്ദ്രഭാരവാഹികളും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ അവരും ഈ അമാനത്തിന്റെ കടമ നിർവഹിക്കുന്നവരല്ല. അതുകൊണ്ട് കേന്ദ്രഭാരവാഹികളും ആത്മപരിശോധന നടത്തേണ്ടതാണ്. തദ്ദേശ ജമാഅത്തിലെ ഭാരവാഹികളും ശൂറാ അംഗങ്ങളും ആത്മപരിശോധന നടത്തേണ്ടതായിവരും. അതിനുള്ള കാരണങ്ങൾ അന്വേഷിച്ച് കണ്ടെത്തേണ്ടിവരും. എന്തുകൊണ്ട് ഒന്നുരണ്ട് വർഷം മുമ്പേ എടുത്ത തീരുമാനമനുസരിച്ച് പ്രവർത്തനം നടന്നില്ല. 70, 80% ജമാഅത്തുകളിൽ ആ പദ്ധതികൾ നടപ്പിൽ വരികയും 20, 30% ജമാഅത്തുകളിൽ അത് നടപ്പിൽ വരാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പരിശോധനയുടെ ആവശ്യമില്ല. എന്നാൽ 70, 80 % ജമാഅത്തുകളിൽ കഴിഞ്ഞ ശൂറായിൽ എടുത്ത തീരുമാനമനുസരിച്ച് പ്രവർത്തനം നടക്കുന്നില്ലെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഇങ്ങനെ പോയാൽ ഉന്നതമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കാൻ കഴിയില്ല. ഞാൻ മനസ്സിലാക്കുന്നത്, ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാനും ശൂറായിൽ പ്രത്യേക സമയം വേണമെന്നാണ്. വെറുതെ ചർച്ചയുണ്ടാക്കുന്നത് ശരിയല്ല എന്നത് ശരിതന്നെ. പക്ഷേ, ചർച്ചകളിൽനിന്നും സ്വയം വിലയിരുത്തുന്നതിൽനിന്നും, രക്ഷപ്പെടുന്നതിനായി കണ്ണുകൾ അടയ്ക്കുന്നതും വെറുക്കപ്പെട്ട പ്രവൃത്തിയാണ്. ഈ പരിശോധനയിൽ നല്ലവണ്ണം പ്രവർത്തിച്ച ജമാഅത്തുകളെ നോക്കേണ്ടതാണ്. അവരെങ്ങനെയാണ് പ്രവർത്തിച്ചതെന്ന് നോക്കേണ്ടതാണ്. ഇങ്ങനെ ചർച്ച വരുമ്പോൾ മറ്റു ജമാഅത്തുകൾക്കും തങ്ങളുടെ പ്രവർത്തനം ഊർജസ്വലമാക്കാൻ അവസരം കിട്ടും. എന്നാൽ, ഇത് വളരെ ശ്രദ്ധയോടുകൂടി ചർച്ച ചെയ്യപ്പെടേണ്ടതാണ്. മുന്നോട്ടുള്ള പ്രവർത്തനത്തിന് കരുത്ത് പകരുന്നതായിരിക്കണം ആ ചർച്ച. അല്ലാതെ ഒരു തീരുമാനമെടുത്ത് മൂന്നുവർഷമായി അതനുസരിച്ച് പ്രവർത്തിച്ചില്ല. അല്ലെങ്കിൽ, ഒട്ടും ചെയ്യാത്തതിന് തുല്യമായ പ്രവർത്തനമാണ് നടന്നത്. മിക്ക ജമാഅത്തുകളും മടി കാണിച്ചു. അങ്ങനെ വീണ്ടും മൂന്നുവർഷത്തിനുശേഷം അതേ പദ്ധതി ശൂറായിൽ അവതരിപ്പിച്ചു. ഇത് ഒരു ചുവട് മുന്നോട്ടുവെക്കുമ്പോൾ മൂന്ന് ചുവട് പിന്നോട്ടുവയ്ക്കുന്നതുപോലെയാണ്. ശൂറാ പ്രതിനിധികളും ഭാരവാഹികളും അവർ- തദ്ദേശജമാഅത്തിന്റേതാകട്ടെ കേന്ദ്ര അഞ്ചുമന്റേതാകട്ടെ- ഇക്കാര്യവും ഓർമ്മവയ്ക്കേണ്ടതാണ്. അതായത്, നിങ്ങൾ ജമാഅത്തിന്റെ ദൃഷ്ടിയിൽ ജമാഅത്തിന്റെ ഉന്നതമായൊരു ഭാഗമാണ്. നിങ്ങളെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുകയാണ്. നിങ്ങളുടെ നിലവാരം എല്ലാ രീതിയിലും ഉന്നതമായിരിക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെതന്നെയാണ് ആയിരിക്കേണ്ടതും. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നകാര്യത്തിലായാലും ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്ന കാര്യത്തിലായാലും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ട കാര്യത്തിലായാലും ഖലീഫയെ അനുസരിക്കുന്ന കാര്യത്തിലായാലും ഖലീഫയുമായിട്ടുള്ള ബന്ധത്തിന്റെ കാര്യത്തിലായാലും ഇത് മികച്ചുനില്ക്കേണ്ടതാണ്. അതുകൊണ്ട് പ്രതിനിധികളും ഭാരവാഹികളും ഇതിന്റെ അടിസ്ഥാനത്തിലും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ പറയുകയുണ്ടായി ആരാധന അടിസ്ഥാനപരമായ ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ ഇതിനെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാധാരണക്കാരനായ ഒരു മുസൽമാനും ഇക്കാര്യം നിർബന്ധമാണ്. നബി(സ) പറഞ്ഞു ഏതൊരു മതത്തിലാണോ ആരാധനാകർമ്മം ഇല്ലാത്തത് അത് മതമല്ല. ഒരു സാധാരണ അഹ്മദിക്ക് നിസ്കാരം നിർബന്ധമാകുമ്പോൾ ഭാരവാഹികൾ- അവരാണെങ്കിൽ എല്ലാതരത്തിലും ജമാഅത്തിന് മാതൃകയായിരിക്കേണ്ടതാണ്- തീർച്ചയായും ഇക്കാര്യം ശ്രദ്ധിക്കണം. അവരുടെ ഒരു നിസ്കാരവും ഇമാമും ജമാഅത്തുമായിട്ടല്ലാതെ ആയിപ്പോകരുത്; അങ്ങേയറ്റം നിർബന്ധമായ ഏതെങ്കിലും കാര്യം

ഉണ്ടായാലൊഴികെ.

രണ്ടുമൂന്ന് ദിവസം ശൂറായിൽ പങ്കെടുക്കാൻ വന്നിട്ടുള്ളത് ഇവിടെ ഈ ദിനങ്ങളിൽ ജമാഅത്തോടുകൂടി നിസ്കരിക്കാനും ദുആയിലേക്ക് പ്രത്യേകമായി ശ്രദ്ധ ചെലുത്താനും മാത്രമല്ല. മറിച്ച്, ഓരോ പ്രതിനിധികളും ഭാരവാഹികളും കൃത്യമായി നിസ്കരിക്കുന്ന ശീലം ഉണ്ടാക്കേണ്ടതാണ്. ആത്മപരിശോധന സ്വയം നടത്തുക. സ്വന്തംതന്നെ കണക്കെടുക്കുക. ദീനിന്റെ ഉയർച്ചയ്ക്കായി നിങ്ങളെ ചില ചുമതലകൾ ഏല്പിച്ചിരിക്കുകയാണ്. ദീനിന്റെ അടിസ്ഥാന സ്തംഭത്തിലേക്കുപോലും ശ്രദ്ധയില്ലെങ്കിൽ പിന്നെ എന്ത് സേവനം ചെയ്യാനാണ്? എന്ത് അഭിപ്രായം പറയാനാണ്? ആരാധനാകർമ്മങ്ങളില്ലാത്ത ഹൃദയങ്ങളിൽനിന്ന് വരുന്ന അഭിപ്രായവും തഖ്വ യില്ലാത്തതായിരിക്കും.

പ്രതിനിധികളും ഭാരവാഹികളും എല്ലാവിധ വെറുപ്പുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും തങ്ങളുടെ ഹൃദയത്തെ പരിശുദ്ധമാക്കേണ്ടിവരും. കൊടുക്കൽ വാങ്ങൽ കാര്യത്തിലും അവരുടെ കൈ പരിശുദ്ധമായിരിക്കണം. അയൽവാസികളോടുള്ള കടമ നിറവേറ്റുന്നതിലും അവരുടെ കൈ പരിശുദ്ധമായിരിക്കണം. അയൽവാസികളോട് നല്ലനിലയിൽ പെരുമാറാൻ അല്ലാഹു കല്പിച്ചിട്ടുള്ളതാണ്. അയൽവാസികൾ തങ്ങളുടെ സ്വത്തിന് അനന്തരാവകാശികളാകുമോ എന്ന് സ്വഹാബത്തിന് തോന്നുംവിധമാണ് അല്ലാഹുവിൽനിന്ന് അവരെ സംബന്ധിച്ച് കല്പന യിറങ്ങിയിട്ടുള്ളത്. ഇത്രമാത്രം അല്ലാഹു താക്കീത് ചെയ്ത് പറയുമ്പോൾ ജമാഅത്തിന്റെ ഉത്തരവാദിത്തം ഏല്പിച്ചിട്ടുള്ള ആളുകൾ അയൽവാസികൾക്ക് വിഷമമുണ്ടാക്കുന്നവരായിത്തീരുന്നത് എങ്ങനെ സഹിക്കാനാണ്? ഹസ്റത്ത് മസീഹ് മൗഊദ്(അ) അയൽവാസിക്ക് കൊടുത്തിട്ടുള്ള നിർവചനത്തിൽ നിങ്ങളുടെ ദീനീസഹോദരനും നിങ്ങളുടെ അയൽവാസിയാണെന്ന് പറഞ്ഞിരിക്കുന്നു. അതായത്, ഓരോ അഹ്മദിയും അയൽവാസിയാണ്. അതിനാൽ ഓരോ അഹ്മദിയും തങ്ങളുടെ അയൽവാസിയാണെന്ന് ഭാരവാഹികളും ഓർക്കേണ്ടതാണ്. ഏതെങ്കിലും അഹ്മദിക്ക് നിങ്ങൾ മുഖേന ദുഃഖമോ വിഷമമോ ഉണ്ടായാൽ അത് അങ്ങേയറ്റം സങ്കടകരമായ കാര്യമാണ്. ഒരു സാധാരണ അഹ്മദി മറ്റൊരു അഹ്മദിയുടെ ദുഃഖത്തിന് കാരണമാകുമ്പോൾ അത് വലിയൊരു ബുദ്ധിമുട്ടുണ്ടാക്കും. എന്നാൽ, അക്കാര്യം ആ രണ്ട് വ്യക്തികളുടെ ഇടയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നാണ്. പക്ഷേ, ജമാഅത്തിന്റെ ഉത്തരവാദപ്പെട്ട ഒരാളിൽനിന്ന് ആർക്കെങ്കിലും വിഷമമുണ്ടായാൽ ബുദ്ധിമുട്ടുണ്ടായാൽ അത് സാധാരണ അഹ്മദിയെ മതത്തിൽനിന്നുതന്നെ അകറ്റിക്കൊണ്ടുപോകാനിടയുണ്ട്. ഇപ്രകാരംതന്നെ വേറെയും നിരവധി സ്വഭാവഗുണങ്ങളുണ്ട്. അത് ജമാഅത്തിനുവേണ്ടി സേവനം ചെയ്യുന്നവർ അതായത് ശൂറാ അംഗങ്ങളും ഭാരവാഹികളും ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളവരും ഉന്നതമായ മാതൃക കാണിക്കാൻ ശ്രമിക്കേണ്ടതാണ്. ചില കാര്യങ്ങൾ ശൂറാ അംഗങ്ങൾക്ക് പുറമേയുള്ളവർക്കും നിർബന്ധമായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കാരണം ഭാരവാഹികളുടെ ഉന്നതമായ മാതൃക കാണുമ്പോൾ ജമാഅത്തുകളിലും നല്ല മാതൃക നാട്ടപ്പെടുന്നതാണ്. മറ്റൊരു കാര്യത്തെ സംബന്ധിച്ചും ശൂറാ പ്രതിനിധികളോടും ഉദ്യോഗസ്ഥന്മാരോടും ഞാൻ പറയാനാഗ്രഹിക്കുന്നു. അത് കാലത്തിന്റെ ഖലീഫയോടുള്ള അനുസരണമാണ്. ഞാൻ ആദ്യം പറഞ്ഞുവന്നതാണ്. ശൂറായിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽവരുത്തിക്കുക എന്നത് ശൂറാ പ്രതിനിധികളുടേയും ഭാരവാഹികളുടേയും പ്രവൃത്തിയാണ്. കാരണം ആ തീരുമാനങ്ങൾ ഖലീഫ അംഗീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് അത് നടപ്പിൽവരുത്താൻ പൂർണ്ണമായും ശ്രദ്ധിക്കുന്നില്ലെങ്കിൽ, അറിയാത്തരീതിയിൽ കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങളെ നിസ്സാരമായി കാണുകയാണ് അവർ ചെയ്യുന്നത്. അതിന്റെ അർത്ഥം അവർ അനുസരണവൃത്തത്തിനുള്ളിലല്ല ഇരിക്കുന്നതെന്നാണ്. ഉത്തരവാദമേല്പിക്കപ്പെട്ടിട്ടുള്ളവർ വാസ്തവത്തിൽ അനുസരണത്തിന്റെ ഉദാത്തമായ മാതൃക കാണിക്കേണ്ടവരാണ്. അതുകൊണ്ട് സേവനം ചെയ്യാനുള്ള അവസരമാണ് ഇപ്പോൾ കിട്ടിയിട്ടുള്ളത്. വെറും അഭിമാനത്തിന്റേയും സന്തോഷത്തിന്റേയും സ്ഥാനമായി ഇതിനെ മനസ്സിലാക്കാതിരിക്കുക. ഇതിനോടൊപ്പം തഖ്വയുടെ ഉന്നതമായ നില ഉണ്ടാകുമ്പോഴാണ് അത് അഭിമാനത്തിന്റേയും സന്തോഷത്തിന്റേയും കാര്യമായിത്തീരുന്നത്.

ഒരുകാര്യം ഞാൻ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. ശൂറാ അംഗങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ചർച്ചയ്ക്കിടയിൽ നിങ്ങൾ നിങ്ങളുടെ അഭിപ്രായം പറയാനാഗ്രഹിക്കുമ്പോൾ, അതിനുമുമ്പേ അതിന്റെ ദോഷവും ഗുണവുമായിട്ടുള്ള എല്ലാ വശങ്ങളും ചിന്തിച്ചതിനുശേഷം അഭിപ്രായം പറയുക. അല്ലാതെ മറ്റുള്ളവരുടെ വചനങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ട് വികാരാധീനനാകരുത്. പ്രതിനിധികൾ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവുള്ള

വരായിരിക്കണം എന്ന നിബന്ധന വെച്ചിട്ടുള്ളതും ഇതുകൊണ്ടാണ്. നല്ല ബോധവാനായിക്കൊണ്ട് അഭിപ്രായം പറയുക. മറ്റൊന്ന് പറയാനുള്ളത് അഭിപ്രായം പറയുന്നനേരത്ത് ആരുടെയെങ്കിലും തീവ്രമായ അഭിപ്രായത്തിനു മുമ്പിൽ ചൂളിപ്പോകരുതെന്നാണ്. അല്ലെങ്കിൽ ഇഷ്ടപ്പെട്ട ആരുടെയെങ്കിലും അഭിപ്രായം കേട്ട് അതിനെ അനുകൂലിക്കാനും പാടില്ല. മറിച്ച്, അഭിപ്രായത്തെ മാറ്റുരച്ചുനോക്കുക. നിസ്സാരമായ അഭിപ്രായഭിന്നതയെ ഉള്ളൂവെങ്കിൽ അനാവശ്യമായി വാശിപിടിക്കേണ്ട ആവശ്യമില്ല. എന്നാൽ, വ്യക്തമായ വ്യത്യാസമുണ്ടാകുകയും നിങ്ങളുടെ പക്കൽ കൂടുതൽ വ്യക്തമായ തെളിവുണ്ടാകുകയുമാണെങ്കിൽ അത് അവതരിപ്പിക്കേണ്ടതാണ്.

അവസാനമായി വീണ്ടും പറയുന്നത് ശൂറായിൽ ചർച്ചകൾക്കുശേഷം എടുക്കുന്ന തീരുമാനങ്ങളിൽ കാലത്തിന്റെ ഖലീഫ തീരുമാനം കല്പിച്ചാൽ, അത് നിങ്ങളുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ടോ അല്ലാതെയോ ആകാം, അല്ലെങ്കിൽ എന്തെങ്കിലും മാറ്റം വരുത്തിക്കൊണ്ടാകാം, അത് നടപ്പിൽവരുത്താൻ ജമാഅത്തുകളിലേക്ക് പോകുമ്പോൾ അമാനത്ത് നടപ്പിൽവരുത്തേണ്ട കടമ എന്നുപറയുന്നത് കാലത്തിന്റെ ഖലീഫയുടെ ഇടവും വലവും ആയിക്കൊണ്ട് അത് നടപ്പിൽവരുത്താൻ ശ്രമിക്കുക എന്നതാണ്. മടി കാണിക്കരുത്. ഇങ്ങനെ ചെയ്താൽ നിങ്ങളുടെ തീരുമാനത്തിൽ ഒരിക്കലും അനുഗ്രഹം ഉണ്ടാകുകയില്ല. ഭാരവാഹികളുടെ മറ്റു കാര്യങ്ങളും അനുഗ്രഹരഹിതമായിപ്പോകും. അതുകൊണ്ട് നിങ്ങളുടെ ഉത്തരവാദിത്വബോധത്തെ തൊട്ടുണർത്തുക. അത് മനസ്സിലാക്കുക. അല്ലാഹുവിനോട് സഹായം ചോദിച്ചുകൊണ്ട് ശൂറ ചേരുന്ന ദിനങ്ങളിലും, മീറ്റിംഗിന്റെ സമയത്തും അത് കഴിഞ്ഞും ദുആയിൽ മുഴുകുക. പിന്നീട് നിങ്ങളുടെ ജമാഅത്തിലെത്തിയാൽ അവിടെയും നിങ്ങളുടെ ഈ മാറ്റം സ്ഥിരമായി കാണാൻ കഴിയണം. സാമർത്ഥ്യവും തന്ത്രവും അറിവും ഒരിക്കലും അഹ്മദിയ്യത്തിന് വിജയം നല്കുകയില്ലെന്ന കാര്യം ഓർക്കുക. അതുമുഖേന മാറ്റവും ഉണ്ടാകുകയില്ല. ലോകത്ത് മാറ്റമുണ്ടാകുന്നത് ദുആയിലൂടേയും തഖ്‌വയിൽ പദമൂന്നിക്കൊണ്ട് നടക്കുമ്പോഴുമാണ്. അതാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***യാ അയ്യുഹല്ലദീന ആമനൂ ഇൻ തത്തഖുല്ലാഹ യ്യജ്അല്ലക്കും ഫുർഖാനൻ വ്വ യുകഫ്ഫിർ അൻകും സയ്യിആത്തിക്കും വ യഗ്ഫിർലക്കും, വ യജ്അല്ലക്കും നൂറൻ തംശൂന ബിഹീ*** (*57:29, 8:30*) വിശ്വസിച്ചവരേ! നിങ്ങൾ മുത്തഖി എന്ന അവസ്ഥയിൽ ഉറച്ചു നില്ക്കുകയാണെങ്കിൽ, അല്ലാഹുവിനുവേണ്ടി തഖ്‌വ എന്ന സവിശേഷ ഗുണത്തിൽ നിലകൊള്ളുകയാണെങ്കിൽ അല്ലാഹു നിങ്ങളും മറ്റുള്ളവരും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നതാണ്. ആ വ്യത്യാസം ഇതാണ്. നിങ്ങൾക്കൊരു പ്രകാശം നല്കപ്പെടും. ആ പ്രകാശത്തോടുകൂടി നിങ്ങൾ നിങ്ങളുടെ വഴിയിലൂടെ നടക്കും. അതായത് ആ പ്രകാശം നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും വാക്കുകളിലും ശക്തികളിലും ഇന്ദ്രിയങ്ങളിലും പരക്കുന്നതാണ്. നിങ്ങളുടെ ബുദ്ധിയിലും പ്രകാശമുണ്ടാകും. നിങ്ങൾ അനുമാനിച്ചു പറയുന്ന കാര്യങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ കണ്ണുകളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ചെവികളിലും നാവുകളിലും വിവരണങ്ങളിലും നിങ്ങളുടെ എല്ലാ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങൾ നടക്കുന്ന വഴി പ്രകാശമയമായിത്തീരുന്നതാണ്.

തഖ്‌വയിലൂടെ നടന്നാൽ ഈ നിലവാരത്തിലെത്തിച്ചേരുമെന്നാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് സുവാർത്ത അറിയിച്ചിട്ടുള്ളത്. തഖ്‌വയിലൂടെ നടന്നാൽ മാത്രമേ ഇത് കിട്ടുകയുള്ളൂവെന്ന് അവിടന്ന് പറഞ്ഞിരിക്കുന്നു. ശൂറാ പ്രതിനിധികളും എല്ലാ ഭാരവാഹികളും എല്ലാ സേവകരും ഈ അവസ്ഥ തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുകയാണെങ്കിൽ, ജമാഅത്തിന്റെ തഖ്‌വയുടെ നിലവാരവും സ്വയം ഉയരുന്നതാണ്. ഇൻശാഅല്ലാഹ്. പിന്നീട് എന്ത് തീരുമാനമെടുത്താലും, എന്തു തീരുമാനത്തെക്കുറിച്ചും ജമാഅത്തിനോടു പറഞ്ഞാലും അത് നടപ്പിൽവരികയും ചെയ്യും, അതിൽ അനുഗ്രഹവും ഉണ്ടാകും. ഇത്ര പരിശ്രമിച്ചിട്ടും നമ്മുടെ പരിപാടിക്ക് ഒരു പ്രയോജനവും ഉണ്ടായില്ല എന്ന പരാതിയും ഇല്ലാതാകും. അല്ലാഹു എല്ലാവരേയും തഖ്‌വയുടെ മാർഗ്ഗത്തിലൂടെ നടത്തിക്കൊണ്ട്, തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിന് സേവനം ചെയ്യാൻ അവസരം കിട്ടുന്നവർക്കെല്ലാം ഖലീഫയുടെ കൈകൾക്ക് ശക്തിപകരാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Khuthba: Hadhrat Mirza Masroor Ahmad Khalifathul Masih V
on 24.3.2006 at Baitul Futuh, London *Translated by: Muhammad Ismail, Alleppey*